പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 268

# 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 268

# 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

886/2025.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 268

# 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

1987-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി ആക്റ്റ്

വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1987-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിനുള്ള ഭേദഗതി.— 1987-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1987-ലെ 34) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) നിലവിലുള്ള (എ) ഖണ്ഡം (എഎ) ഖണ്ഡമായി പുനരക്ഷരം ചെയ്യേണ്ടതും അപ്രകാരം പുനരക്ഷരം ചെയ്ത (എഎ) ഖണ്ഡത്തിന് മുൻപായി താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാണ്, അതായത്:—

" (എ) " അപ്പീൽ അധികാരി" എന്നാൽ 11-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരമുള്ള അപ്പീൽ അധികാരി എന്നർത്ഥമാകുന്നു;";

(ii) (ഡി) ഖണ്ഡത്തിനും ആയതിൻ കീഴിലുള്ള വിശദീകരണത്തിനും ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (ഡിഎ) " കോമ്പൗണ്ടിംഗ് ഓഫീസർ" എന്നാൽ 17 ഡി വകുപ്പ് പ്രകാരം സർക്കാർ നിയോഗിക്കുന്ന ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;".

3. 13-ാം വകുപ്പ് വിട്ടുകളയൽ.— പ്രധാന ആക്റ്റിലെ 13-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

4. 14-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്റ്റിലെ 14-ാം വകുപ്പിൽ, " വീതിച്ചുകൊടുക്കുമ്പോൾ" എന്ന വാക്കിനുശേഷം ",2002-ലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റിലെ (2002-ലെ 52-ാം കേന്ദ്ര ആക്റ്റ്) 26ഇ വകുപ്പിന് വിധേയമായി" എന്ന ചിഹ്നങ്ങളും അക്കങ്ങളും വാക്കുകളും ബ്രാക്കറ്റും ചേർക്കേണ്ടതാണ്.

5. 17- ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്റ്റിലെ 17-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ, " ഏതൊരാൾക്കും മൂന്നുമാസംവരെയുള്ള തടവോ അഥവാ അഞ്ഞൂറു രൂപവരെയുള്ള പിഴയോ അഥവാ ഇവ രണ്ടും കൂടിയതോ ആയ ശിക്ഷ നൽകാവുന്നതാണ്" എന്ന വാക്കുകൾക്ക് പകരം " ഏതൊരാളും ഈ ആക്റ്റ് പ്രകാരം കുടിശ്ശികയായിട്ടുള്ള തുകയുടെ ഇരട്ടി പിഴശിക്ഷയ്ക്ക് ബാധ്യസ്ഥനാകുന്നതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) (2)-ാം ഉപവകുപ്പിൽ, " രണ്ടുമാസംവരെയുള്ള തടവോ അഥവാ നാനൂറു രൂപവരെയുള്ള പിഴയോ അഥവാ ഇവ രണ്ടും കൂടിയതോ ആയ ശിക്ഷ നൽകാവുന്നതാണ്" എന്ന വാക്കുകൾക്ക് പകരം " ഇരുപത്തിഅയ്യായിരം രൂപ പിഴശിക്ഷയ്ക്ക് ബാധ്യസ്ഥനാകുന്നതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(iii) (3)-ഉം , (4)-ഉം ഉപവകുപ്പുകൾ വിട്ടുകളയേണ്ടതാണ്.

6. 17-ാം വകുപ്പിന് ശേഷം പുതിയ വകുപ്പുകൾ ചേർക്കൽ.— പ്രധാന ആക്റ്റിലെ 17-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

" 17എ. പിഴ ചുമത്തുന്നതിന് മുൻപുള്ള അവസരം.— ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, പിഴ ചുമത്തുന്നതിനായി സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി വ്യവസായ/കയർ വകുപ്പിലെ പ്രോജക്ട് ഓഫീസറുടെ തുല്യ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കാവുന്നതും, അദ്ദേഹം ഈ ആക്റ്റിലെ 17-ാം വകുപ്പ് പ്രകാരം പിഴ ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് മുൻപായി പ്രസ്തുത വ്യവസ്ഥകൾ പാലിക്കാൻ ബന്ധപ്പെട്ട ആളിന് തൊണ്ണൂറ് ദിവസത്തിൽ അധികരിക്കാത്ത ഒരു സമയപരിധി രേഖാമൂലം നിശ്ചയിച്ചു നൽകേണ്ടതും, പ്രസ്തുത സമയപരിധിക്കുള്ളിൽ ആൾ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ അയാൾക്കെതിരെ അത്തരത്തിലുള്ള നടപടികളൊന്നും തന്നെ ആരംഭിക്കാൻ പാടില്ലാത്തതുമാണ്.

17ബി. പിഴ ഒടുക്കാത്തതിലുള്ള ശിക്ഷ.— (1) ഈ ആക്റ്റിലെ 17-ാം വകുപ്പ് പ്രകാരം പിഴ ചുമത്തിക്കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റിയ തീയതി മുതൽ തൊണ്ണൂറ് ദിവസത്തിനുള്ളിൽ അപ്രകാരം ചുമത്തപ്പെട്ട പിഴ ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന ഏതൊരാളും ആറു മാസക്കാലം വരെയാകാവുന്ന തടവും പിഴ തുകയുടെ ഇരട്ടിവരെയാകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റവും, ഫസ്റ്റ് ക്ലാസ്സ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ താഴെയുള്ള യാതൊരു കോടതിയും വിചാരണയ്ക്കെടുക്കാൻ പാടില്ലാത്തതാണ്.

(3) ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റവും, പിഴ ചുമത്തുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടെയും അപ്രകാരമുള്ള കുറ്റങ്ങൾക്ക് കാരണമായ അദ്ദേഹത്തിന്റെ രേഖാമൂലമുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലല്ലാതെ യാതൊരു കോടതിയും വിചാരണയ്ക്കെടുക്കുവാൻ പാടില്ലാത്തതാണ്.

17 സി. പിഴ ചുമത്താൻ ഉദ്യോഗസ്ഥർക്കുള്ള അധികാരം.— (1) ഈ ആക്റ്റിലെ 17-ാം വകുപ്പ് പ്രകാരം പിഴ ചുമത്തുന്നതിലേയ്ക്കായി ഈ ആക്റ്റിലെ 17 എ വകുപ്പ് പ്രകാരം സർക്കാർ നിയോഗിച്ച ഉദ്യോഗസ്ഥൻ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ഒരു അന്വേഷണം നടത്തിയ ശേഷം, ഈ ആക്റ്റ് പ്രകാരമുള്ള പിഴ ചുമത്തേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അന്വേഷണം നടത്തുമ്പോൾ, ഉദ്യോഗസ്ഥന് വിഷയത്തിന്റെ വസ്തുതകളുമായും സാഹചര്യങ്ങളുമായും നേരിട്ട് അറിവുള്ള ഏതൊരു ആളെയും തെളിവ് നൽകുന്നതിനായോ ഉദ്യോഗസ്ഥന്റെ അഭിപ്രായത്തിൽ അന്വേഷണവുമായി ബന്ധപ്പെട്ട വിഷയത്തിന് ഉപയോഗപ്രദമോ പ്രസക്തമോ ആകുന്നതുമായ, ഏതെങ്കിലും രേഖ ഹാജരാക്കുന്നതിനായോ വിളിച്ചു വരുത്തുന്നതിനും ഹാജരാകുവാൻ നിർബന്ധിക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതും അത്തരം അന്വേഷണത്തിൽ ആ ആൾ കുറ്റം ചെയ്തുവെന്ന് ബോധ്യപ്പെടുന്നപക്ഷം, അദ്ദേഹം ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഒരു പിഴ ചുമത്തേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം ഉദ്യോഗസ്ഥൻ പുറപ്പെടുവിച്ച ഒരു ഉത്തരവിൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും, അങ്ങനെയുള്ള ഉത്തരവ് അയാളെ അറിയിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ അപ്പീൽ അധികാരി മുമ്പാകെ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ഫീസ് സഹിതവും ഒരു അപ്പീൽ നൽകാവുന്നതാണ് :

എന്നാൽ, യഥാസമയം അപ്പീൽ നൽകുന്നതിൽ നിന്നും മതിയായ കാരണത്താൽ അപ്പീൽവാദി തടയപ്പെട്ടിരുന്നുവെന്ന് അപ്പീൽ അധികാരിക്ക് ബോധ്യമാകുന്നപക്ഷം, നിശ്ചിത സമയമായ മുപ്പത് ദിവസത്തെ കാലാവധി കഴിഞ്ഞതിനുശേഷം ബോധിപ്പിക്കുന്ന അപ്പീലും അപ്പീൽ അധികാരിക്ക് പരിഗണിക്കാവുന്നതാണ്.

(4) അപ്പീൽ അധികാരിക്ക് അപ്പീൽ കക്ഷികളെ കേൾക്കുന്നതിനുള്ള ഒരവസരം നൽകിയതിനുശേഷം, അപ്പീൽ ലഭിച്ച തീയതി മുതൽ അറുപതു ദിവസത്തിനുള്ളിൽ, ഏത് ഉത്തരവിനെതിരെയാണോ അപ്പീൽ നൽകിയിട്ടുള്ളത് ആ ഉത്തരവ് സ്ഥിരീകരിക്കുകയോ രൂപഭേദപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്നത് ഉചിതമാണെന്ന് അദ്ദേഹം കരുതുന്ന അങ്ങനെയുള്ള ഉത്തരവ് പാസ്സാക്കാവുന്നതാണ്.

(5) പിഴയായി ഈടാക്കുന്ന തുക സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേക്ക് വരവ് വയ്ക്കേണ്ടതാണ്.

17 ഡി. കുറ്റങ്ങൾ രാജിയാക്കൽ.— (1) ഈ ആക്റ്റിലെ 17 ബി വകുപ്പ് പ്രകാരമുള്ള കുറ്റങ്ങൾ രാജിയാക്കുന്നതിനായി പ്രോസിക്യൂഷൻ നടപടികൾക്കു മുൻപോ പിൻപോ കുറ്റാരോപിതന്, സർക്കാർ വിജ്ഞാപനപ്രകാരം നിയോഗിക്കുന്ന വ്യവസായ/കയർ വകുപ്പിലെ ജോയിന്റ് ഡയറക്ടറുടെ തുല്യ പദവിയിലുള്ള കോമ്പൗണ്ടിംഗ് ഓഫീസർ മുൻപാകെ അപേക്ഷ സമർപ്പിക്കാവുന്നതും പ്രസ്തുത വകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരം ചുമത്തിയിട്ടുള്ള പിഴ തുകയുടെ പരമാവധി എഴുപത്തിയഞ്ചു ശതമാനം ഒടുക്കിയാൽ കോമ്പൗണ്ടിംഗ് ഓഫീസർക്ക് രാജിയാക്കാവുന്നതുമാണ്.

(2) കുറ്റങ്ങൾ രാജിയാക്കുന്നതിനുള്ള എല്ലാ അപേക്ഷയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിലും നൽകേണ്ടതാണ്.

(3) പ്രോസിക്യൂഷൻ നടപടികൾക്ക് മുൻപായി ഒരു കുറ്റം രാജിയാക്കുകയാണെങ്കിൽ, അത്തരം സന്ദർഭങ്ങളിൽ കുറ്റാരോപിതനുമേൽ പ്രസ്തുത കുറ്റവുമായി ബന്ധപ്പെട്ട് യാതൊരു പ്രോസിക്യൂഷൻ നടപടികളും ആരംഭിക്കാൻ പാടുള്ളതല്ല.

(4) പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചതിനുശേഷം ഒരു കുറ്റം രാജിയാക്കുന്നത് കോടതിയുടെ അനുമതിയോടു കൂടി ആയിരിക്കേണ്ടതും അപ്രകാരമുള്ള രാജിയാക്കലിന് ശേഷം കുറ്റാരോപിതൻ പ്രസ്തുത കുറ്റത്തിൽ നിന്നും കുറ്റവിമുക്തനാകുന്നതുമാണ്.

(5) കുറ്റങ്ങൾ രാജിയാക്കുന്നതിലൂടെ ലഭിക്കുന്ന തുക സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേക്ക് വരവ് വയ്ക്കേണ്ടതാണ്.

17 ഇ ഏതൊരാളിൽ നിന്നും കിട്ടേണ്ട പണം വസൂലാക്കേണ്ട രീതി.— ഈ ആക്റ്റോ ആയതിൻ കീഴിലുള്ള ചട്ടങ്ങളോ പദ്ധതിയോ പ്രകാരം ഏതൊരാളിലും കുടിശ്ശികയായിട്ടുള്ള ഏതെങ്കിലും തുക, പലിശ സഹിതം, തത്സമയം പ്രാബല്യത്തിലുള്ള 1968-ലെ കേരള നികുതി വസൂലാക്കൽ ആക്റ്റിൽ (1968-ലെ 15) വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ പൊതു നികുതി കുടിശ്ശിക എന്ന പോലെ ഈടാക്കാവുന്നതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി കേരള നിയമ പരിഷ്കരണ കമ്മീഷൻ അതിന്റെ 19-ാം റിപ്പോർട്ടിൽ 1987-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി ആക്റ്റ് (1987-ലെ 34)-ലെ നടപടി ക്രമ ലംഘനങ്ങൾ, ചെറിയ കുറ്റകൃത്യങ്ങൾ, പിഴ മുതലായവയിൽ നിലവിലെ ശിക്ഷാ വ്യവസ്ഥകൾക്കു പകരം പിഴ ശിക്ഷ ചുമത്തുന്നതിനും, കേന്ദ്ര തൊഴിൽ നിയമങ്ങളുടെയും നിലവിലെ പണത്തിന്റെ മൂല്യവും കണക്കിലെടുത്ത് പിഴ വർദ്ധിപ്പിക്കൽ, പിഴ ചുമത്തുന്നതിന് മുമ്പ് ബന്ധപ്പെട്ട ആളിന് അവസരം നൽകൽ, പിഴ ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാലുള്ള ശിക്ഷ, പിഴ ചുമത്തുന്നതിനും കുറ്റങ്ങൾ രാജിയാക്കുന്നതിനുമായി ഉദ്യോഗസ്ഥനെ നിയോഗിക്കൽ, കൂടാതെ പരമാവധി പിഴ തുകയുടെ എഴുപത്തിയഞ്ച് ശതമാനം ഒടുക്കിയാൽ കുറ്റകൃത്യങ്ങൾ രാജിയാക്കൽ, കേരള റവന്യൂ റിക്കവറി ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം കുടിശ്ശിക ഈടാക്കൽ എന്നീ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത ആക്റ്റിൽ ഭേദഗതികൾ വരുത്തുവാൻ ശിപാർശ ചെയ്തിട്ടുണ്ട്. സർക്കാർ മേല്പരാമർശിത ശിപാർശകൾ പരിഗണിക്കുകയും പ്രസ്തുത ആക്റ്റിൽ അനുയോജ്യമായ രീതിയിൽ ഭേദഗതികൾ വരുത്തുവാനും തീരുമാനിച്ചു. ഇതിനുപുറമെ 2002-ലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിന്യാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റിലെ ( 2002-ലെ 54-ാം കേന്ദ്ര ആക്റ്റ്) 26 ഇ വകുപ്പിന് അനുസൃതമായി പ്രസ്തുത ആക്റ്റിലെ 14-ാം വകുപ്പിൽ ഭേദഗതികൾ വരുത്തുന്നതിനായും സർക്കാർ തീരുമാനിച്ചു. മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി, പ്രസ്തുത ആക്റ്റിൽ അനുയോജ്യമായ ഭേദഗതികൾ വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 6-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന,—

(i) 17 എ വകുപ്പ്, പിഴ ചുമത്തുന്നതിനായി വ്യവസായ/കയർ വകുപ്പിലെ പ്രോജക്ട് ഓഫീസറുടെ തുല്യ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ ഗസറ്റ് വിജ്ഞാപനം വഴി നിയോഗിക്കുന്നതിനും;

(ii) 17 സി വകുപ്പ്,—

(എ) (1)-ാം ഉപവകുപ്പ്, പിഴ ചുമത്തുന്നതിലേയ്ക്കായി സർക്കാർ നിയോഗിച്ച ഉദ്യോഗസ്ഥൻ നടത്തുന്ന അന്വേഷണത്തിന്റെ രീതി നിർണ്ണയിക്കുന്നതിനും;

(ബി) (3)-ാം ഉപവകുപ്പ്, അപ്പലേറ്റ് അതോറിറ്റി മുൻപാകെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള ഫാറവും, രീതിയും, ഫീസും നിർണ്ണയിക്കുന്നതിനും;

(iii) 17 ഡി വകുപ്പ്,—

(എ) (1)-ാം ഉപവകുപ്പ്, പ്രോസിക്യൂഷൻ നടപടികൾക്കു മുൻപോ പിൻപോ 17 ബി വകുപ്പ് പ്രകാരമുള്ള കുറ്റങ്ങൾ രാജിയാക്കുന്നതിനായി വ്യവസായ/കയർ വകുപ്പിലെ ജോയിന്റ് ഡയറക്ടറുടെ തുല്യ പദവിയിലുള്ള ഉദ്യോഗസ്ഥനെ ഒരു ഗസറ്റ് വിജ്ഞാപനം വഴി കോമ്പൗണ്ടിംഗ് ഓഫീസറായി നിയോഗിക്കുന്നതിനും;

(ബി) (2)-ാം ഉപവകുപ്പ്, കുറ്റങ്ങൾ രാജിയാക്കുന്നതിനുള്ള അപേക്ഷയുടെ ഫാറവും , രീതിയും നിർണ്ണയിക്കുന്നതിനും

സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയോ ആകുന്നു. കൂടാതെ, ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

പി. രാജീവ്.

(ശരിത്തർജ്ജമ)

## 1987-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി ആക്റ്റിൽ (1987-ലെ 34) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

2. നിർവ്വചനങ്ങൾ.— ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ബോർഡ് " എന്നാൽ 6-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു;

** ** ** **

(ഡി) " കയർത്തൊഴിലാളി" എന്നാൽ കയർ വ്യവസായത്തിലെ വിവിധ പ്രക്രിയകളോടനുബന്ധിച്ചുള്ള ഏതെങ്കിലും ജോലി ചെയ്യുന്നതിനു വേതനത്തിന് നിയമിച്ചതും, തൊഴിലുടമയിൽനിന്നോ വ്യാപാരിയിൽ നിന്നോ കയർ ഉത്പന്നങ്ങളുടെ ഉത്പാദകരിൽ നിന്നോ നേരിട്ടോ നേരിട്ടല്ലാതെയോ വേതനം പറ്റുന്നതും തന്റെ ഉപജീവനമാർഗ്ഗമായി പ്രധാനമായും കയർ വ്യവസായത്തെ ആശ്രയിക്കുന്നതുമായ ഏതൊരാളും എന്നർത്ഥമാകുന്നതും അതിൽ ഒരു കോൺട്രാക്ടറോ കോൺട്രാക്ടർ മുഖാന്തിരമോ അല്ലെങ്കിൽ ഒരു ഏജന്റ് മുഖാന്തിരമോ നിയമിച്ചിട്ടുള്ളതായ ഒരു അസ്ഥിരം തൊഴിലാളിയോ അല്ലെങ്കിൽ മറ്റേതൊരാളോ ഉൾപ്പെടുന്നതും ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി സർക്കാർ ഗസറ്റിൽ വിജ്ഞാപനം മൂലം അതതു സമയം ഒരു കയർ തൊഴിലാളിയായി പ്രഖ്യാപിക്കുന്ന കയർ വ്യവസായത്തിൽ ജോലി ചെയ്യുന്ന മറ്റേതൊരാളും ഉൾപ്പെടുന്നതുമാകുന്നു ;

<u>വിശദീകരണം.</u>—ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി ഒരാൾ കയർ തൊഴിലാളി യാണോ അല്ലയോ എന്ന ഏതെങ്കിലും പ്രശ്നം ഉദിക്കുകയാണെങ്കിൽ, ആ സംഗതി തീരുമാനിക്കുന്നതിനുവേണ്ടി, കയർ വ്യവസായത്തിൽ, അങ്ങനെയുള്ള കയർ പ്രോജക്റ്റ് ഏരിയായ്ക്കു വേണ്ടി രൂപീകരിച്ചിട്ടുള്ള ബന്ധപ്പെട്ട ട്രേഡ് യൂണിയനുകളുടെ പ്രോജക്റ്റ് ലവൽ അഡ്വൈസറി കമ്മിറ്റിക്ക് റഫർ ചെയ്യേണ്ടതും പ്രോജക്റ്റ് ലവൽ അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനത്തിനെതിരെയുള്ള ഒരു അപ്പീൽ ബോർഡ് മുൻപാകെ ബോധിപ്പിക്കേണ്ടതുമാണ്.

** ** ** **

13.കയർ തൊഴിലാളികളിൽ നിന്നോ സ്വയം തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആളുകളിൽ നിന്നോ തൊഴിലുടമകളിൽ നിന്നോ വ്യാപാരികളിൽ നിന്നോ കയറുല്പന്നങ്ങളുടെ ഉൽപാദകരും കയറ്റുമതിക്കാരും നിന്നോ കിട്ടേണ്ട പണം വസൂലാക്കേണ്ട രീതി.— ഈ ആക്റ്റിന്റെയോ അല്ലെങ്കിൽ പദ്ധതിയുടെയോ വ്യവസ്ഥകൾ പ്രകാരം കയർ തൊഴിലാളികളിൽ നിന്നോ സ്വയം തൊഴിലിലേർപ്പെട്ടിരിക്കുന്നവരിൽ നിന്നോ, തൊഴിലുടമകളിൽ നിന്നോ വ്യാപാരികളിൽ നിന്നോ കയറുൽപ്പന്നങ്ങളുടെ ഉൽപ്പാദകരും കയറ്റുമതിക്കാരും നിന്നോ കിട്ടേണ്ട ഏതെങ്കിലും തുക, ആ തുക കുടിശ്ശിക വരുത്തിയിട്ടുള്ളതാണെങ്കിൽ, ഭൂമിയിൻമേലുള്ള പൊതുനികുതി കുടിശ്ശിക എന്ന പോലെ വസൂലാക്കാവുന്നതാണ്.

14. അംശദായ തുക നൽകുന്നതിൽ മറ്റ് കടത്തിൻമേൽ മുൻഗണന ഉണ്ടായിരിക്കുമെന്ന്.— 4-ാം വകുപ്പുപ്രകാരം അംശദായം നൽകാൻ ബാദ്ധ്യസ്ഥനായിട്ടുള്ള ഏതെങ്കിലും തൊഴിലുടമയോ വ്യാപാരിയോ കയറുൽപ്പന്നങ്ങളുടെ ഉൽപാദകനോ അഥവാ കയറ്റുമതിക്കാരൻ പാപ്പരായി വിധിക്കപ്പെട്ടിട്ടുള്ള സംഗതിയിലോ അഥവാ തൊഴിലുടമയോ വ്യാപാരിയോ കയറുൽപ്പന്നങ്ങളുടെ ഉൽപാദകനോ അഥവാ കയറ്റുമതിക്കാരൻ ഒരു കമ്പനിയായിരിക്കുകയും അത് വൈൻഡ് അപ് ചെയ്യുന്നതിനുള്ള ഒരു ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയും ചെയ്തിട്ടുള്ള സംഗതിയിലോ ഈ ആക്റ്റോ പദ്ധതിയോ അനുസരിച്ച് തൊഴിലുടമയിൽ നിന്നോ വ്യാപാരിയിൽ നിന്നോ കയറുൽപ്പന്നങ്ങളുടെ ഉൽപ്പാദകരിൽ നിന്നോ അഥവാ കയറ്റുമതിക്കാരൻ കിട്ടാനുള്ള തുക, അതു സംബന്ധിച്ച് ബാദ്ധ്യത പാപ്പരായി വിധിക്കപ്പെട്ടത് സംബന്ധിച്ചോ വൈൻഡ് അപ്പ് ചെയ്യുന്നത് സംബന്ധിച്ചോ ഉള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് ഉണ്ടായിട്ടുള്ളതാണെങ്കിൽ,1955-ലെ ഇൻസോൾവൻസി ആക്റ്റ് (1956-ലെ 2), 64-ാം വകുപ്പുപ്രകാരമോ അഥവാ 1956-ലെ കമ്പനി ആക്റ്റ് (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) 530-ാം വകുപ്പു പ്രകാരമോ, അതത് സംഗതിപോലെ, പാപ്പരായ ആളിന്റെ വസ്തുവകകളോ അഥവാ വൈൻഡ് അപ് ചെയ്യപ്പെടുന്ന കമ്പനിയുടെ ആസ്തികളോ വീതിച്ചു കൊടുക്കുമ്പോൾ മറ്റെല്ലാ കടങ്ങൾക്കുംമേൽ മുൻഗണന നൽകി കൊടുത്തു തീർക്കേണ്ടതായ കടങ്ങളിൽ ഉൾപ്പെടുന്നതായി കരുതേണ്ടതാകുന്നു

** ** ** **

17. ശിക്ഷ.— (1) ഈ ആക്റ്റ് പ്രകാരമോ പദ്ധതി അനുസരിച്ചോ താൻ തന്നെ നൽകേണ്ടതായ ഏതെങ്കിലും പണം നൽകുന്നത് ഒഴിവാക്കുന്നതിന് വേണ്ടിയോ അഥവാ മറ്റേതെങ്കിലും ആളെ അപ്രകാരം പണം കൊടുക്കുന്നത് ഒഴിവാക്കാൻ സഹായിക്കുന്നതിനുവേണ്ടിയോ അറിഞ്ഞുകൊണ്ട് ഏതെങ്കിലും വ്യാജമായ പ്രസ്താവനയോ

വ്യാജമായ നിവേദനമോ നടത്തുകയോ നടത്താൻ ഇടയാക്കുകയോ ചെയ്യുന്ന ഏതൊരാൾക്കും മൂന്നു മാസംവരെയുള്ള തടവോ അഥവാ അഞ്ഞൂറു രൂപവരെയുള്ള പിഴയോ അഥവാ ഇവ രണ്ടും കൂടിയതോ ആയ ശിക്ഷ നൽകാവുന്നതാണ്.

(2) ഈ ആക്റ്റിലേയോ പദ്ധതിയിലേയോ വ്യവസ്ഥകളേതെങ്കിലും ലംഘിക്കുകയോ അഥവാ അതനുസരിച്ച് പ്രവർത്തിക്കുന്നതിൽ വീഴ്ചവരുത്തുകയോ ചെയ്യുന്ന ഏതൊരാൾക്കും, അപ്രകാരമുള്ള ലംഘനത്തിനോ അനുസരിക്കാതിരിക്കലിനോ ഈ ആക്റ്റുപ്രകാരമോ പദ്ധതിപ്രകാരമോ മറ്റെവിടെയെങ്കിലും മറ്റൊരു ശിക്ഷയും വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, രണ്ടു മാസംവരെയുള്ള തടവോ അഥവാ നാനൂറു രൂപവരെയുള്ള പിഴയോ അഥവാ ഇവ രണ്ടും കൂടിയതോ ആയ ശിക്ഷ നൽകാവുന്നതാണ്.

(3) ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായിട്ടുള്ള യാതൊരു കുറ്റവും ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതിയിൽ താഴെയുള്ള യാതൊരു കോടതിയും വിചാരണയ്ക്കെടുക്കുവാൻ പാടില്ലാത്തതാകുന്നു.

(4) ഈ ആക്റ്റുപ്രകാരം ശിക്ഷാർഹമായിട്ടുള്ള യാതൊരു കുറ്റവും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി സമർപ്പിക്കുന്ന കുറ്റം സംബന്ധിച്ച വസ്തുതകളുടെ രേഖാമൂലമായ ഒരു റിപ്പോർട്ടിൻമേലല്ലാതെ യാതൊരു കോടതിയും വിചാരണയ്ക്കെടുക്കുവാൻ പാടില്ലാത്തതാകുന്നു.

** ** ** **